# കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ഡിസംബർ 21<br>December 21 | 2020 |
|---|---|

1195 ധനു 6 തിങ്കൾ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**തദ്ദേശ പൊതുതെരഞ്ഞെടുപ്പ്:**

**ജില്ലാ പഞ്ചായത്തിലേക്ക് വിജയിച്ച
ജനപ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്തു**

തദ്ദേശ പൊതുതെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേക്ക് വിജയിച്ച ജനപ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്തു. കളക്ടറേറ്റിൽ ജില്ലാ വരാണാധികാരിയും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് മുതിർന്ന അംഗമായ അഡ്വ.ഓമല്ലൂർ ശങ്കരന് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശേഷം അഡ്വ.ഓമല്ലൂർ ശങ്കരൻ തെരഞ്ഞെടുക്കപ്പെട്ട മറ്റ് ജില്ലാ പഞ്ചായത്ത് അംഗങ്ങളായ അന്നമ്മ പി. ജോസഫ്, സി.കെ. ലതാകുമാരി, രാജി പി. രാജപ്പൻ, ജെസി അലക്സ്, ജോർജ് എബ്രഹാം ഇലഞ്ഞിക്കൽ, ലേഖ സുരേഷ്, ജിജോ മോഡി, റോബിൻ പീറ്റർ, ബീനാ പ്രഭ, സി. കൃഷ്ണകുമാർ, ശ്രീനാദേവി കുഞ്ഞമ്മ, ആർ. അജയകുമാർ, സാറാ ടീച്ചർ, ജിജി മാത്യു, അജോ മോൻ എന്നിവർക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

സത്യപ്രതിജ്ഞയ്ക്ക് ശേഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ ആദ്യ യോഗം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്നു. മുതിർന്ന അംഗമായ അഡ്വ. ഓമല്ലൂർ ശങ്കരന്റെ അധ്യക്ഷതയിലാണു യോഗം ചേർന്നത്.

വീണാ ജോർജ് എംഎൽഎ, സിപിഐ(എം) സംസ്ഥാന കമ്മിറ്റി അംഗവും കെ.എസ്.സി.ഇ.ഡബ്ല്യു ഫ ് ബോർഡ് ചെയർമാനുമായ അഡ്വ.കെ.അനന്തഗോപൻ, ലൈബ്രറി കൗൺസിൽ സംസ്ഥാന എക്സിക്യുട്ടീവ് അംഗം പ്രൊഫ. ടി.കെ.ജി നായർ, സിപിഐ(എം) ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു, സിപിഐ ജില്ലാ സെക്രട്ടി എ.പി. ജയൻ, മുൻ എംഎൽഎ കെ.സി. രാജഗോപാൽ, എഡിഎം അലക്സ് പി. തോമസ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എൻ. നന്ദകുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ജില്ലയിലെ നഗരസഭകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവടങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അതത് വരാണാധികൾക്ക് മുൻപാകെ സത്യപ്രതിജ്ഞ ചെയ്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഡിസി ഓമല്ലൂർ:-***

തദ്ദേശ പൊതുതെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേക്ക് വിജയിച്ച ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ മുതിർന്ന അംഗമായ അഡ്വ.ഓമല്ലൂർ ശങ്കരന് വരണാധികാരികൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: ശ്രീനാദേവി:-***

തദ്ദേശ പൊതുതെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേക്ക് വിജയിച്ച ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞ ചടങ്ങിൽ മുതിർന്ന അംഗമായ അഡ്വ.ഓമല്ലൂർ ശങ്കരൻ പള്ളിക്കൽ ഡിവിഷനിൽ നിന്നു വിജയിച്ച ശ്രീനാദേവി കുഞ്ഞമ്മയ്ക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: ടീം ഡിസ്റ്റ് പഞ്ചായത്ത്:-***

തദ്ദേശ പൊതുതെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേക്ക് വിജയിച്ച ജനപ്രതിനിധികൾ വീണാ ജോർജ് എംഎൽഎ, ജില്ലാ കളക്ടർ പി.ബി. നൂഹ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എൻ.നന്ദകുമാർ എന്നിവർക്കൊപ്പം.

(തദ്ദേശം 228/20)

## പരാതികൾ പരിഹരിച്ച് കോന്നി താലൂക്ക്തല അദാലത്ത്

ജില്ലാ കളക്ടർ പി.ബി നുഹിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ കോന്നി താലൂക്ക്തല പൊതുജന പരാതി പരിഹാര അദാലത്തിൽ പരിഹരിക്കാനായത് 21 പരാതികൾ. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദേശം നൽകി. വിവിധ അക്ഷയ കേന്ദ്രങ്ങളുടെ പങ്കാളിത്തോടെയാണ് അദാലത്ത് നടത്തിയത്.

ഭൂമി സംബന്ധമായ പരാതികളാണ് കൂടുതലായും പരിഗണനയ്ക്ക് വന്നത്. ഇത്തരം പരാതികളിൽ തഹസീൽദാർ നേരിട്ടെത്തി സ്ഥലപരിശോധന നടത്തേ വ ഉൾപ്പെടെയുള്ള പരാതികൾ പരിശോധിച്ച് കുറഞ്ഞ സമയപരിധിക്കുള്ളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കോന്നി തഹസീൽദാർക്ക് നിർദേശം നൽകി. ആകെ ലഭിച്ച 21 പരാതികളിൽ ഒരെണ്ണം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പരാതിയിൻമേൽ കോടതിനടപടിപ്രകാരം മുന്നോട്ട് പോകാൻ പരാതിക്കാരന് നിർദേശം നൽകി. ബാക്കിയുള്ള പരാതികൾ സമയബന്ധിതമായി പരിഹാരംകാണാൻ ബന്ധപ്പെട്ട വകുപ്പ് ഉദ്യാഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദേശം നൽകി.

പരാതിക്കാർ അക്ഷയ കേന്ദ്രങ്ങൾ മുഖേനയാണ് അദാലത്തിൽ പങ്കെടുത്തത്. അക്ഷയകേന്ദ്രങ്ങളിലൂടെ മുൻകൂട്ടി പരാതി രജിസ്റ്റർ ചെയ്തവർക്കാണ് ഓൺലൈനായി അദാലത്തിൽ പങ്കെടുത്ത് തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണാൻ അവസരം ലഭിച്ചത്.

അദാലത്തിൽ എ.ഡി.എം അലക്സ് പി. തോമസ്, ആർ.ആർ ഡെപ്യൂട്ടി കളക്ടർ ജെസിക്കുട്ടി മാത്യു, ഐ.ടി. മിഷൻ ജില്ലാ പ്രോജക്റ്റ് മാനേജർ ഷൈൻ ജോസ്, ജൂനിയർ സൂപ്ര ് ഷിബു തോമസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോന്നി അദാലത്ത്:-***

ജില്ലാ കളക്ടർ പി.ബി നുഹിന്റെ നേതൃത്വത്തിൽ നടത്തിയ കോന്നി താലൂക്ക്തല പൊതുജന പരാതി പരിഹാര അദാലത്ത്.

(പിഎൻപി 4937/20)

## മൂലൂർ അവാർഡിനായി കൃതികൾ ക്ഷണിച്ചു

ഇലവുംതിട്ട മൂലൂർ സ്മാരക സമിതി, സരസകവി മൂലൂർ എസ്. പദ്മനാഭ പണിക്കരുടെ സ്മരണയ്ക്കായി മികച്ച കവികൾക്കു നൽകുന്ന 35-ാമത് മൂലൂർ അവാർഡിന് കവിതാ സമാഹാരങ്ങൾ ക്ഷണിച്ചു. 25001 -രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് മൂലൂർ അവാർഡ്.

നവാഗത കവികളെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന ആറാമത് മൂലൂർ പുരസ്കാരത്തിനു കവിതകൾ ക്ഷണിച്ചു. പുസ്തക രൂപത്തിൽ കവിതകൾ പ്രസിദ്ധീകരിച്ചിട്ടില്ലാത്തവരെയാണ് 10001 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരത്തിന് ക്ഷണിച്ചത്.

മികച്ച കവിതയ്ക്കുള്ള 35-ാമത് മൂലൂർ അവാർഡിന് കൃതികളുടെ നാലു പ്രതികളും നവാഗത കവികൾക്കുള്ള മൂലൂർ പുരസ്കാരത്തിന് ഒരു കവിതയുടെ നാലു ഡിറ്റിപി പ്രതികളും ജനുവരി 20 ന് മുമ്പായി ലഭിക്കത്തക്കവിധം വി. വിനോദ്, ജനറൽ സെക്രട്ടറി, മൂലൂർ സ്മാരകസമിതി, ഇലവുംതിട്ട പിഒ പിൻ 689625, പത്തനംതിട്ട ജില്ല (ഫോൺ:9496045484 )എന്ന വിലാസത്തിൽ അയച്ചു നൽകണം.

(പിഎൻപി 4938/20)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.







പത്തനംതിട്ട ജില്ലാ
പൊതു
2020 ഡിസംബർ 21



# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 21<br>December 21 | 2020 |
|---|---|

**1195 ധനു 6 തിങ്കൾ**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

**നേഴ്സിംഗ് വിദ്യാർഥികൾക്കായി ഷോർട്ട് ഫിലിം മത്സരം**

ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യ കേരളം എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ നേഴ്സിംഗ് വിദ്യാർഥികൾക്കായി ഷോർട്ട് ഫിലിം മത്സരം നടത്തും.

ഈ വർഷത്തെ എയ്ഡ്സ് ദിനസന്ദേശമായ ഉത്തരവാദിത്വം പങ്കുവയ്ക്കാം, ഐക്യദാർഢ്യം പ്രഖ്യാപിക്കാം (ഗ്ലോബൽ സോളിഡാരിറ്റി ആൻഡ് ഷെയേഡ് റെസ്പോൺസിബിലിറ്റി) എന്ന വിഷയത്തിലാണ് ഷോർട്ട് ഫിലിം തയാറാക്കേ ത്. ഷോർട്ട് ഫിലിമിന്റെ ദൈർഘ്യം അഞ്ച് മിനിട്ടിൽ കൂടരുത്. കോവിഡ് പ്രോട്ടോകോൾ പാലിച്ചു മൊബൈൽഫോണിലോ മറ്റ് ക്യാമറകളിലോ ഷൂട്ട് ചെയ്യാം. അഭിനേതാക്കളുടെ എണ്ണം എത്ര വേണമെങ്കിലുമാകാം. പൂർണ്ണമായും വിദ്യാർഥികളുടെ പങ്കാളിത്തത്തിൽ വേണം നിർമ്മാണം പൂർത്തിയാക്കാൻ. ഷോർട്ട് ഫിലിമിന് ഇഷ്ടമുള്ള പേര് നൽകാം.

പൂർത്തിയാക്കിയ ഫിലിമുകൾ ഈ മാസം 28 ന് മുൻപ് oppamcampaign@gmail.com എന്ന ഇ മെയിൽ വിലാസത്തിലേക്ക് അയയ്ക്കാം. ഒന്നും ര ും സ്ഥാനങ്ങളിലെത്തുന്നവർക്ക് ട്രോഫിയും ക്യാഷ് പ്രൈസും നൽകും. പങ്കെടുക്കുന്ന എല്ലാ നേഴ്സിംഗ് കോളജുകൾക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും നൽകുന്നതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.

(പിഎൻപി 4939/20)

**ഐ.എച്ച്.ആർ.ഡി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു**

ഐ.എച്ച്.ആർ.ഡി യുടെ വിവിധ സ്ഥാപനങ്ങളിൽ സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ihrd.ac.in/mfsekm.ihrd.ac.in/ihrdrcekm.kerala.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 30.

(പിഎൻപി 4940/20)

**ലേലം 23 ന്**

കേരള ജല അതോറിറ്റി, അടൂർ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിധിയിൽ തിരുവല്ല കല്ലിശ്ശേരി ജലശുദ്ധീകരണ ശാലകളുടെ സമീപം ജലഅതോറിറ്റിയുടെ പൊളിച്ചു മാറ്റിയ ക്ലാരി ഫയർ ബ്രിജിന്റെ സ്റ്റീൽ, അലുമിനിയം ഭാഗങ്ങൾ ഈ മാസം 23 ന് ഉച്ചയ്ക്ക് 2.30 ന് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ ജല അതോറിറ്റിയുടെ തിരുവല്ലയിലെ പുതിയ ഓഫീസിൽ ലേലം ചെയ്യും. താത്പര്യമുള്ളവർ ലേലദിവസം ഉച്ചയ്ക്ക് 2.30 ന് മുൻപായി കോവിഡ് പ്രോട്ടോകോൾ പാലിച്ച് ദർഘാസുകൾ സമർപ്പിക്കണം. ഫോൺ : 04734 224839.

(പിഎൻപി 4941/20)

**റാങ്ക് ലിസ്റ്റ് റദ്ദായി**

പത്തനംതിട്ട ജില്ലയിൽ വിനോദ സഞ്ചാര വകുപ്പിൽ കുക്ക് (കാറ്റഗറി നം.564/2013) തസ്തികയിലേക്ക് 8960-14260 രൂപ ശമ്പള നിരക്കിൽ 09.08.2017 ൽ നിലവിൽ വന്ന 779/17/ ഡി.ഒ.എച്ച് നമ്പർ റാങ്ക് പട്ടിക 10.08.2020 അർദ്ധരാത്രിയിൽ മൂന്നു വർഷ കാലാവധി പൂർത്തിയാക്കിയതിനാൽ 11.08.2020 പൂർവാഹ്നത്തിൽ റദ്ദായതായി ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

(പിഎൻപി 4942/20)

**സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

അടൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2021-23 കാലയളവിലേക്കുള്ള വിവിധ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിന് താത്കാലിക സെലക്ട് ലിസ്ററ് പ്രസിദ്ധീകരിച്ചു. ഉദ്യോഗാർഥികൾക്ക് രജിസ്ട്രേഷൻ കാർഡുമായി നേരിട്ടോ അല്ലെങ്കിൽ www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരമോ പരിശോധിക്കാം. പരാതിയുള്ളവർ ഈ മാസം 31 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. ഫോൺ : 04734 224810.

(പിഎൻപി 4943/20)

**അപേക്ഷ ക്ഷണിച്ചു**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ സർട്ടിഫിക്കറ്റ് നൽകുന്ന അപ്പർ പ്രൈമറി സ്കൂളിലെ അധ്യാപക യോഗ്യതയായ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടുകൂടിയ പ്ലസ് ടു അല്ലെങ്കിൽ ഹിന്ദി ഭൂഷൺ, സാഹിത്യ വിശാരദ്, പ്രവീൺ, സാഹിത്യാചാര്യ എന്നിവയും പരിഗണിക്കും. പട്ടികജാതി മറ്റർഹ വിഭാഗത്തിന് അഞ്ച് ശതമാനം മാർക്ക് ഇളവ് ലഭിക്കും. പൂരിപ്പിച്ച അപേക്ഷ പ്രിൻസിപ്പാൾ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ പി.ഒ, പത്തനംതിട്ട എന്ന വിലാസത്തിൽ ഈ മാസം 31 നകം അയയ്ക്കാം. ഫോൺ : 8547126028.

(പിഎൻപി 4944/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 21<br>**December 21** | **2020** |
|---|---|

**1195 ധനു 6 തിങ്കൾ**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് ഈ മാസം 30ന്**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് ഈ മാസം 30ന് (ബുധൻ ) രാവിലെ 11 നും വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് അന്നേ ദിവസം ഉച്ചയ്ക്ക് ര ിനും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുമെന്ന് ജില്ലാ പഞ്ചായത്ത് വരണാധികാരിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 153-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കൊ ് ഈ മാസം 30 ന് (ബുധൻ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിന് യോഗം ചേരാനുള്ള തീയതിയായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചതു പ്രകാരമാണ് അറിയിപ്പ്.

(പിഎൻപി 4945/20)

**ക യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി**

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ വാർഡ് 5 (കൊല്ലമുള ജംഗ്ഷൻ ഭാഗം),06 (കൊല്ലമുള ജംഗ്ഷൻ ഭാഗം), 7 (വാർഡ് പൂർണ്ണമായും), 11 (കക്കുടുക്കനവോദയഭാഗം),13 (കുംഭിത്തോട് ഭാഗം),14 (കൂത്താട്ടുകുളം മുതൽ വാകമുക്ക് വരെ, കൂത്താട്ടുകുളം മുതൽ മടുക്കക്കുഴി വരെ, കൂത്താട്ടുകുളം മുതൽ നവോദയ വരെ , കൂത്താട്ടുകുളം മുതൽ മു ാക്കൽ കോളനി വരെ) വാർഡ് 05 (നിരവിൽ കോളനി വാട്ടർ ടാങ്ക് ഭാഗം.), കോയിപ്രം ഗ്രാമപഞ്ചായത്ത് വാർഡ് 04 (ആന്തലിമൺ ചേകുതടം ഭാഗം), അടൂർ മുനിസിപ്പാലിറ്റിവാർഡ് 04 (ഊട്ടി മുക്ക്,സാൽവേഷൻ ആർമി പള്ളി ഭാഗം,ആനന്തവല്ലീശ്വരം, വിളയിൽ ഭാഗം, കുമ്പളാംവിള കോട്ടപ്പുറം റോട് ഭാഗം)26 (മൂന്നാളം സീഡ് ഫാം ജംഗ്ഷൻ നിന്നും പള്ളിക്കൽ ചെറുപുഞ്ചയിലേക്ക് പോകുന്ന ഭാഗം), ചിറ്റാർ ഗ്രാമപഞ്ചായത്ത് വാർഡ് 13 (കൊടുമുടി എ സ്.എൻ.ഡി.പി മന്ദിരം മുതൽ പഞ്ചായത്ത് ശ്മശാനം വരെ) പ്രദേശങ്ങളെ 2020 ഡിസംബർ 21 മുതൽ

ക  യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ച ക  യൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും ക  യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം)ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഉത്തരവായത്

(പിഎൻപി 4946/20)

## പുനർജനി സുരക്ഷ പദ്ധതിയിൽ കൗൺസിലർ ഒഴിവ്

സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പത്തനംതിട്ട ജില്ലയിലെ പുനർജനി സുരക്ഷ പദ്ധതിയിൽ കൗൺസിലർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. യോഗ്യത: എംഎസ്ഡബ്ല്യൂ/ എംഎസ്സി സൈക്കോളജി. ശമ്പളം 12000, ടിഎ 900. പ്രവർത്തി പരിചയം അഭികാമ്യം. ഈ മാസം 24 ന് വൈകുന്നേരം മൂന്നിന് മുൻപായി ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം പ്രൊജക്ട് ഡയറക്ടർ, പുനർജനി സുരക്ഷാ പ്രൊജക്ട്, സന്തോഷ് സൗ  ് സിസ്റ്റത്തിന് എതിർവശം, ആനപ്പാറ പിഒ, പിൻ: 689645 എന്ന വിലാസത്തിൽ അയയ്ക്കുക. ബന്ധപ്പെടേ  നമ്പർ: 0468 2325294, 9747449865. ഇമെയിൽ: punarjani2005@gmail.com

(പിഎൻപി 4947/20)

## നവോദയ പ്രവേശനം

വെച്ചൂച്ചിറ ജവഹർ നവോദയ വിദ്യാലയത്തിൽ ആറാം ക്ലാസ് പ്രവേശനത്തിന്  ഇനിയും അപേക്ഷ നൽകിയിട്ടില്ലാത്ത വിദ്യാർഥികൾക്കായി ഈ മാസം 23 ന് രാവിലെ 10 മുതൽ 3.30 വരെ ജി.എച്ച്.എസ് കോഴഞ്ചേരിയിൽ അപേക്ഷ സ്വീകരിക്കുന്നതിനായി  ക്യാമ്പുകൾ സംഘടിപ്പിക്കും. അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ക്യാമ്പുകളിൽ എത്തി അപേക്ഷകൾ നൽകാമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

(പിഎൻപി 4948/20)

## കുരിശുമൂട്-വി കോട്ടയം റോഡിൽ ഗതാഗതനിയന്ത്രണം

കുരിശുമൂട്-വി കോട്ടയം റോഡിൽ ബി എം. ആന്റ് ബി.സി ടാറിംഗ് നടക്കുന്നതിനാൽ ഈ റോഡിലൂടെയുള്ള വാഹനഗതാഗതം ഈ മാസം 23, 24 തീയതികളിൽ നിയന്ത്രിക്കുന്നതിനാൽ താഴൂർ കടവിൽ നിന്നുള്ള വാഹനങ്ങൾ പൂങ്കാവ് - വി കോട്ടയം റോഡിലൂടെയും വി കോട്ടയത്തുനിന്നുള്ള വാഹനങ്ങൾ പൂങ്കാവ് -താഴൂർ കടവ് റോഡിലൂടെ പോകേ  താണെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

(പിഎൻപി 4949/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.